II ഇ.ബി. XIII- കേരള നിയമസഭ/IV-7

# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

## 2012 മാർച്ച് 23, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

21 (*181) **സാമൂഹ്യവനവൽക്കരണ പദ്ധതികൾ**

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ) നൽകിയ മറുപടിയിൽ, എന്റെ മരം, നമ്മുടെ മരം, ഹരിത തീരം, വഴിയോരത്തണൽ, ഹരിതകേരളം എന്നിവയാണ് കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന സാമൂഹ്യ വനവൽക്കരണ പദ്ധതികളെന്നും ഇതുകൂടാതെ തണ്ണീർത്തട സംരക്ഷണം, ജൈവ വൈവിദ്ധ്യ സംരക്ഷണം, കുട്ടനാട് പാക്കേജ് എന്നിവയ്ക്കാവശ്യമായ വൃക്ഷത്തൈകൾ ഉല്പാദിപ്പിക്കുകയും ചെയ്തിരുന്നുവെന്നും സഭയെ അറിയിച്ചു.

ഹരിത കേരളംപദ്ധതിയുടെ കീഴിലുള്ള എന്റെ മരം, നമ്മുടെ മരം എന്നീ പദ്ധതികൾ മുഖേന മഴക്കാലത്ത് തൈ വിതരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളും വഴിയോര തണൽ പദ്ധതിപ്രകാരം പാതയോരങ്ങളിൽ വച്ചുപിടിപ്പിക്കുന്നതിനായി കൂട തൈകളുടെ ഉല്പാദനവും പുരോഗമിച്ചു

വരുന്നുണ്ട്. എന്റെ മരം, നമ്മുടെ മരം എന്നീ പദ്ധതികൾ പ്രകാരം സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് യഥാക്രമം 98.61 ലക്ഷവും, 23.87 ലക്ഷവും തൈകളും ഹരിതകേരളം പദ്ധതി പ്രകാരം പഞ്ചായത്തുകൾ/മത സ്ഥാപനങ്ങൾ/സർക്കാരിതര സംഘടനകൾ/പൊതുജനങ്ങൾ/മാധ്യമങ്ങൾ എന്നിവയ്ക്കായി 111.56 ലക്ഷം തൈകളും വിതരണം ചെയ്തിട്ടുണ്ട്. വഴിയോര തണൽ പദ്ധതി പ്രകാരം 1.78 ലക്ഷം തൈകളും 2009-ൽ അവസാനിച്ച ഹരിത തീരം പദ്ധതി പ്രകാരം 22.52 ലക്ഷം തൈകളും നട്ടു പിടിപ്പിച്ചിട്ടുണ്ട്. ഈ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കിയ എന്റെ മരം പദ്ധതിയിൽ 1 മുതൽ 4-ാം ക്ലാസ് വരെയുള്ള സ്കൂൾ വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തുന്നതിനും പാതയോരങ്ങളിൽ വൃക്ഷത്തൈ നടുമ്പോൾ ഫലവൃക്ഷങ്ങൾക്ക് മുൻഗണന നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലയിലെ മഴനിഴൽ പ്രദേശത്ത് വൃക്ഷവൽക്കരണവും വാഗമണിൽ ഓർക്കിഡേറിയം പദ്ധതിയും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും തിരുവനന്തപുരത്ത് വെള്ളയമ്പലം മുതൽ ശാസ്തമംഗലം വരെയുള്ള റോഡിന്റെ ഇരു വശത്തും അലങ്കാരച്ചെടികൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും സ്വകാര്യ ഭൂമിയിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിന് വ്യക്തികൾക്ക് പ്രോത്സാഹന ധനസഹായം നൽകുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കാവുകളുടെ സംരക്ഷണത്തിന് നൽകിവരുന്ന ധനസഹായം ഒരു ലക്ഷമോ അതിലധികമോ ആയി വർദ്ധിപ്പിച്ച് അവയെ വേലികെട്ടി സംരക്ഷിക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയാണെന്നും കൃഷി വകുപ്പ് ആരംഭിച്ച 'നിറവ്' പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 11 നിയോജകമണ്ഡലങ്ങളിൽ പരീക്ഷണാടിസ്ഥാന

ത്തിൽ 'ആൽമര സൗഹൃദം' എന്ന പേരിൽ പൊതുസ്ഥലങ്ങളിലും ആരാധനാലയങ്ങളിലുമുള്ള ആൽമരങ്ങളെ ഭിത്തികെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനുള്ള പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാ ക്കാൻ ശ്രമിക്കുന്നതാണ്. വനംവകുപ്പിന്റെ ഉടമസ്ഥതയിൽ നഗരമദ്ധ്യത്തിലുള്ള സ്ഥലങ്ങളിൽ പാർക്കുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടെന്നും എം.എൽ.എ. മാർ കൺസെന്റ് വാങ്ങിത്തരികയാണെങ്കിൽ ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും അവ നിർമ്മിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

22 (*182 & *197) **<u>പുതിയ കേന്ദ്രവൈദ്യുത പദ്ധതികളിൽ നിന്നുള്ള വിഹിതം</u>**

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) നൽകിയ മറുപടിയിൽ, പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് പ്രവർത്തനക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്ന കേന്ദ്ര വൈദ്യുത പദ്ധതികളിൽ നിന്ന് ഏകദേശം 570 മെഗാവാട്ട് വൈദ്യുതി വിഹിതം സംസ്ഥാനത്തിന് ലഭ്യമാകുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് സഭയെ അറിയിച്ചു. ചെയ്യൂർ, ഒഡീഷ II, ആന്ധ്രാപ്രദേശ് UMPP II എന്നീ അൾട്രാ മെഗാ പവർ പ്രോജക്ടുകളിൽനിന്ന് യഥാക്രമം 300 MV, 190 MV, 75 MV വൈദ്യുതി വിഹിതം അനുവദിച്ചിട്ടുണ്ട്; പ്രാരംഭദശയിലിരിക്കുന്ന പ്രസ്തുത പദ്ധതികൾക്കായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുകയും 100 മെഗാവാട്ടിന് 1 കോടി രൂപ എന്ന നിരക്കിൽ കമ്മിറ്റ്മെന്റ് അഡ്വാൻസ് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യം നിറവേറ്റുന്നതിനായി നിർമ്മാണം ആരംഭിച്ചിട്ടുള്ളതും/വർക്ക് അവാർഡ് ചെയ്തതുമായ 14 ജലവൈദ്യുത പദ്ധതികൾ പൂർത്തീകരിച്ച് 179.85 മെഗാ

വാട്ടിന്റെ അധിക സ്ഥാപിതശേഷി കൈവരിക്കാനും അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 597.7 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 39 ജല വൈദ്യുത പദ്ധതികൾ ആരംഭിക്കാനും നബാർഡിന്റെ ധനസഹായത്തോടെ 1MWp ശേഷിയുള്ള സൗരോർജ്ജ പദ്ധതി കഞ്ചിക്കോട് സ്ഥാപിക്കാനും ബൈതരണി കൽക്കരി പാടത്തുനിന്ന് അനുവദിച്ചിട്ടുള്ള കൽക്കരി ഉപയോഗിച്ച് ഒഡീഷ ഗവൺമെന്റുമായി സഹകരിച്ച് 2000 മെഗാവാട്ടിന്റെ താപനിലയം സ്ഥാപിക്കാനും ഉദ്ദേശിക്കുന്നുണ്ട്. കാറ്റിൽ നിന്നും 200 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി എൻ.റ്റി.പി.സി-യുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടെന്നും ചീമേനി, പുതുവൈപ്പിൻ, ബ്രഹ്മപുരം, കായംകുളം എന്നിവിടങ്ങളിൽ നാല് വാതകാധിഷ്ഠിത താപ വൈദ്യുത നിലയങ്ങൾ വിഭാവനം ചെയ്തിട്ടുണ്ടെന്നും സൗരഗൃഹ പദ്ധതി പ്രകാരം 10000 വീടുകളിൽ റൂഫ് ടോപ്പ് പാനൽ സ്ഥാപിച്ച് 10 മെഗാവാട്ട് സൗരോർജ്ജം ഉല്പാദിപ്പിച്ച് കെ.എസ്.ഇ.ബി. ഗ്രിഡിലേയ്ക്ക് നൽകാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പൊരിങ്ങൽകുത്ത്, ഷോളയാർ എന്നീ നിലയങ്ങളിലെ നവീകരണ പ്രവൃത്തികൾ നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. ഇടുക്കി ഒന്നാംഘട്ടം, കുറ്റ്യാടി ഒന്നാംഘട്ടം എന്നീ നിലയങ്ങളിലെ നവീകരണ പ്രവൃത്തികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 291.7 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 32 ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. സ്വകാര്യ പങ്കാളിത്തത്തോടുകൂടി ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാനായി അനെർട്ട്, എനർജി മാനേജ്മെന്റ് സെന്റർ എന്നിവയുടെ സഹകരണത്തോടെ സർക്കാർ തലത്തിൽ പദ്ധതികൾ ആസൂത്രണം

ചെയ്തിട്ടുണ്ട്. കാറ്റ്, സൗരോർജ്ജം എന്നിവയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതികൾ കെ.എസ്.ഇ.ബി. സ്വന്തമായും സ്വകാര്യ പങ്കാളിത്തത്തോടെയും നടപ്പിലാക്കുന്നുണ്ട്. ബജത് ലാമ്പ് യോജന പദ്ധതിയിലൂടെ 1.29 കോടി സി.എഫ്.എൽ. വിതരണം ചെയ്തിട്ടുണ്ടെന്നും വൈദ്യുതി ബോർഡിലെ എല്ലാ സ്ഥാപനങ്ങളിലും സി.എഫ്.എൽ. ഉപയോഗിക്കുന്നതിനുള്ള നടപടികളെടുത്തുവരുന്നുണ്ടെന്നും സ്റ്റോക്കിലുള്ള ശേഷിക്കുന്ന സി.എഫ്.എൽ.-കൾ എനർജി മാനേജ്മെന്റ് സെന്റർ മുഖാന്തിരം സർക്കാർ ഓഫീസുകളിൽ വിതരണം ചെയ്യാൻ ഉത്തരവായിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത കുട്ടികളിലൂടെ സമൂഹത്തിലെത്തിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ്, എനർജി മാനേജ്മെന്റ് സെന്റർ, കെ.എസ്.ഇ.ബി. എന്നിവ സംയുക്തമായി 'നാളേക്കിത്തിരി ഊർജ്ജം' എന്ന പദ്ധതി നടപ്പിലാക്കുകയും ഉപഭോക്താക്കളെ ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങളെക്കുറിച്ച് ബോധവത്ക്കരിക്കാൻ ഡിമാന്റ് സൈഡ് മാനേജ്മെന്റ് സെൽ രൂപീകരിക്കുകയും കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ തുടങ്ങിയവയുമായി സഹകരിച്ച് ഈ സെൽമീറ്റിംഗുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഊർജ്ജസംരക്ഷണത്തിന്റെ ഭാഗമായി തെരുവ് വിളക്കുകൾ കൃത്യസമയത്ത് കത്തിക്കുന്നതിനും അണയ്ക്കുന്നതിനുമുള്ള ഓട്ടോമാറ്റിക് സംവിധാനം, ത്രീഫേസ് ഉപഭോക്താക്കൾക്ക് ടൈം ഓഫ് ദി ഡേ മീറ്റർ, പൈലറ്റ് അടിസ്ഥാനത്തിൽ ലോഡ് കൺട്രോൾ സംവിധാനം, ഗവൺമെന്റ് ഓഫീസുകളിൽ പ്രീപെയ്ഡ് മീറ്ററിംഗ് സംവിധാനം, സർക്കാർ സ്ഥാപനങ്ങളിൽ സ്റ്റാൻഡേർഡ്സ് & ലേബലിംഗ് നിലവിൽ വന്ന ഉപകരണങ്ങൾ നിർബന്ധമാക്കൽ, 100

കിലോവാട്ടോ അതിൽ കൂടുതലോ കോൺട്രാക്ട് ഡിമാന്റുള്ള കെട്ടിടങ്ങളിൽ എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് നടപ്പിലാക്കൽ, കാർഷികാവശ്യങ്ങൾക്ക് സ്റ്റാർ ലേബലുള്ള പമ്പുസെറ്റുകൾ നിർബന്ധമാക്കൽ, ആലപ്പുഴ, തൃശ്ശൂർ മേഖലയിലെ നെൽപ്പാടങ്ങളിൽ ഊർജ്ജക്ഷമതയുള്ള പമ്പുകൾ സ്ഥാപിക്കൽ തുടങ്ങിയ നിർദ്ദേശങ്ങൾ നടപ്പാക്കുന്ന കാര്യം പരിഗണനയിലാണ്. അനർട്ടിന്റെ കീഴിൽ രണ്ടായിര ത്തോളം വീടുകളിൽ ഈ വർഷം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടുകൂടി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് മാലിന്യത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിച്ചുവരിക യാണെന്നും ഇപ്പോൾ പ്രസരണ നഷ്ടം കുറയ്ക്കാൻ സാധിച്ചിട്ടുണ്ടെന്നും ആർ.എ.പി.ഡി.ആർ.പി., ആർ.ജി.ജി.വി.വൈ. എന്നീ പദ്ധതികൾ മുഖേന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും പോസ്റ്റുകളുൾപ്പെടെ സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നുണ്ടെന്നും ആ പോസ്റ്റിൽനിന്നും എ.പി.എൽ. വിഭാഗക്കാർക്കും കണക്ഷനെടുക്കാൻ കഴിയുന്ന തരത്തിലുള്ള പദ്ധതിയാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നതെന്നും സംസ്ഥാനത്ത് ഇപ്പോൾ ലോഡ് ഷെഡ്ഡിംഗ് ഇല്ലെന്നും വൈദ്യുതി ബോർഡിന്റെ സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് അത്യാവശ്യ മുള്ള സ്ഥലങ്ങളിൽ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം ആലോ ചിക്കാവുന്നതാണെന്നും വൈദ്യുതി മോഷണം തടയാൻ വിജിലൻസ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

23 (*183) <u>കേന്ദ്ര വൈദ്യുത നിയമ ഭേദഗതിയും നിരക്ക് വർദ്ധനവും</u>

ഊർജ്ജ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, 2003-ലെ കേന്ദ്ര ഇലക്ട്രിസിറ്റി ആക്ടിലെ നിബന്ധനകളനുസരിച്ച് വൈദ്യുതി നിരക്കുകൾ നിശ്ചയിക്കുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള സ്വതന്ത്ര സ്ഥാപനമാണ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനെന്നും നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ അനുമതി വേണമെന്ന് നിയമം അനുശാസിക്കുന്നില്ലെന്നും നിലവിലുള്ള നിയമത്തിന് ഭേദഗതി വന്നിട്ടില്ലെന്നും സഭയെ അറിയിച്ചു. 2007-08, 2009-10 വർഷങ്ങളിൽ താരിഫ് വർദ്ധിപ്പിക്കുന്നതിനും 2008-09 മുതൽ 2011-12 വരെ തെർമൽ സർചാർജ്ജ് ആവശ്യപ്പെട്ടുകൊണ്ടും കെ.എസ്.ഇ.ബി. റഗുലേറ്ററി കമ്മീഷനെ സമീപിച്ചിട്ടുണ്ട്. ജല വൈദ്യുത പദ്ധതികൾ, കേന്ദ്ര താപനിലയങ്ങൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന വില കുറഞ്ഞ വൈദ്യുതി കേരളത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാൻ അപര്യാപ്തമായതിനാൽ വിലകൂടിയ ഇന്ധനമായ നാഫ്ത, എൽ.എസ്.എച്ച്.എസ്. എന്നിവ ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്ന താപ വൈദ്യുതി ലഭ്യമാക്കേണ്ടത് അനിവാര്യമായ സാഹചര്യത്തിലാണ് പ്രധാനമായും താരിഫ് വർദ്ധനയും തെർമൽ സർചാർജ്ജും ആവശ്യപ്പെട്ടുകൊണ്ട് കമ്മീഷനെ സമീപ്പിച്ചത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താരിഫ് വർദ്ധിപ്പിക്കുന്നതിനുള്ള അപേക്ഷ കമ്മീഷന് സമർപ്പിച്ചിട്ടില്ല. എന്നാൽ 165.68 കോടി രൂപ തെർമൽ സർചാർജ്ജ് ആവശ്യപ്പെട്ട് 11.11.2011-ൽ ബോർഡ് സമർപ്പിച്ച അപേക്ഷയിന്മേൽ 20 പൈസ നിരക്കിൽ 161.10 കോടി രൂപ ഏപ്രിൽ 2012 മുതൽ ഉപഭോക്താക്കളിൽ നിന്ന് ഈടാക്കാൻ കമ്മീഷൻ അനുവദിച്ചിട്ടുണ്ടെന്നും 77.89 കോടി രൂപ സർചാർജ്ജ് ആവശ്യപ്പെട്ട് 16.02.2012-ൽ സമർപ്പിച്ച അപേക്ഷയിന്മേൽ തീരു

മാനമെടുത്തിട്ടില്ലെന്നും മന്ത്രി വ്യക്തമാക്കി. 120 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്നവർക്ക് സർചാർജ്ജിൽ സബ്സിഡി നൽകുന്നതിന് ബഡ്ജറ്റിൽ 54 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 3300 മെഗാവാട്ട് വൈദ്യുതി സംസ്ഥാനത്ത് ആവശ്യമുണ്ടെന്നും പീക്ക് സമയത്തെ ആവശ്യകത നേരിടുന്നതിന് ദൈനംദിനം കിട്ടിക്കൊണ്ടിരിക്കുന്ന കേന്ദ്രവിഹിതത്തിനു പുറമെ ഓപ്പൺ മാർക്കറ്റിൽ നിന്ന് അമിത വിലയ്ക്ക് വൈദ്യുതി വാങ്ങാനാണ് ഉദ്ദേശിക്കുന്നതെന്നും ഉപഭോക്താക്കൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളൊന്നും കേന്ദ്രസർക്കാർ നിർത്തലാക്കിയിട്ടില്ലെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

24 (*184) **ജനന-മരണ രജിസ്ട്രേഷൻ**

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ) നൽകിയ മറുപടിയിൽ, 1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട്, 1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടം എന്നിവപ്രകാരം 08/12/2010, 01/02/2012 എന്നീ തീയതികളിൽ പുറപ്പെടുവിച്ച സർക്കുലറുകളിലെ വ്യവസ്ഥകൾക്കനുസരിച്ച് നിയമാനുസൃതം അപേക്ഷ സമർപ്പിക്കുന്നവർക്ക് ജനന സർട്ടിഫിക്കറ്റുകളിൽ സമയബന്ധിതമായി തിരുത്തൽ വരുത്തിക്കൊടുക്കുന്നുണ്ടെന്നും അദാലത്തു മുഖേന ഇത് നടപ്പാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണെന്നും സഭയെ അറിയിച്ചു. അപേക്ഷയിലും സ്കൂൾ സർട്ടിഫിക്കറ്റിലും രേഖപ്പെടുത്തിയിരിക്കുന്നതു പ്രകാരമാണ് പേര് ചേർക്കുകയും തിരുത്തൽ വരുത്തുകയും ചെയ്യുന്നത്. ക്ലറിക്കൽ തെറ്റുകൾ ഉടൻതന്നെ തിരുത്തി നൽകുന്നുണ്ട്. തിരുത്തലിനായി സ്കൂൾ വില്ലേജ് ഓഫീസിൽ നിന്നും സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന്

നിർദ്ദേശിച്ചിട്ടില്ലെന്നും സ്കൂൾ രേഖ ലഭ്യമല്ലെന്ന് ബോദ്ധ്യപ്പെട്ടാൽ വസ്തുവിന്റെ ആധാരം, പെൻഷൻ പേമെന്റ് ഓർഡർ, ഗവൺമെന്റ് സർവ്വീസിലുള്ളവർക്ക് അതാത് ഓഫീസുകളിൽനിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ്, സമ്മതിദായക പട്ടിക, ഇലക്ഷൻ തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ് എന്നിവയിൽ ഏതെങ്കിലും രേഖയുടെ അടിസ്ഥാനത്തിൽ തിരുത്തൽ വരുത്തുന്നതാണെന്നും ഹാജരാക്കേണ്ട രേഖകളുടെ കൂട്ടത്തിൽ പാസ്പോർട്ട് കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. ജനന രജിസ്ട്രേഷൻ സുതാര്യമാക്കിക്കൊണ്ടിരിക്കുന്നതിന്റെ ഭാഗമായി ആശുപത്രികളിൽ കിയോസ്കുകൾ സ്ഥാപിച്ച് 24 മണിക്കൂറിനകം സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നുണ്ട്. വിദേശത്ത് വച്ചുണ്ടാകുന്ന ഇൻഡ്യൻ പൗരന്മാരുടെ ജനനവും മരണവും ഇൻഡ്യൻ കോൺസുലേറ്റുകളിൽ രജിസ്റ്റർ ചെയ്യേണ്ടതാണെന്നും ജനന സർട്ടിഫിക്കറ്റിൽ തിരുത്തലുകൾ വരുത്തുന്നതിനുള്ള വ്യവസ്ഥകൾ ലഘൂകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

25 (*185) **നിയമം ലംഘിച്ചുള്ള നിർമ്മാണങ്ങൾ**

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) നൽകിയ മറുപടിയിൽ, അനധികൃത നിർമ്മാണങ്ങൾ നിശ്ചിത സമയത്തിനകം പൊളിച്ചുമാറ്റുന്നതിന് കക്ഷിക്ക് നിയമാനുസൃതമുള്ള നോട്ടീസ് നൽകിയിട്ടും ചെയ്തില്ലെങ്കിൽ പോലീസ് സഹായത്തോടെ നഗരസഭ അത് നീക്കം ചെയ്യുമെന്നും ബന്ധപ്പെട്ട ബിൽഡിംഗ് ഇൻസ്പെക്ടറുടെ ചുമതലയിൽ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുന്നുണ്ടെന്നും അവധിക്കാലങ്ങളിൽ നടക്കുന്ന അനധികൃത നിർമ്മാണം കണ്ടെത്താനായി നഗരസഭകളിൽ പ്രത്യേകം

സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. കെട്ടിട നിർമ്മാണത്തിനുള്ള പ്ലാനും അപേക്ഷയും ഓൺലൈനായി നൽകുന്നതിന് തിരുവനന്തപുരം കോർപ്പറേഷനിൽ പൂർണ്ണമായും കൊച്ചി, കോഴിക്കോട്, തൃശ്ശൂർ കോർപ്പറേഷനുകളിൽ ഭാഗികമായും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണ അപേക്ഷകൾ പരിശോധിക്കുന്നതിനുള്ള കമ്പ്യൂട്ടർ സംവിധാനം കേരള സുസ്ഥിര നഗര വികസന (കെ.എസ്.യു.ഡി.പി) പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് നഗരങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിക്കുകയും പദ്ധതി നിർവ്വഹണത്തിനായി നഗരസഭ/ജില്ല/സംസ്ഥാന തലങ്ങളിൽ ഉദ്യോഗസ്ഥരെ നിയോഗിക്കുകയും ചുമതല നിർണ്ണയിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. നഗരസഭകളിൽ 67 ഓവർസിയർമാരുടെയും 69 അക്കൗണ്ടന്റ് -കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരുടെയും തസ്തിക സൃഷ്ടിച്ച് കരാർ വ്യവസ്ഥയിൽ നിയമനം നടത്താൻ അനുമതി നൽകിയിട്ടുണ്ടെന്നും ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, റിസോഴ്സ് പേഴ്സൺസ് എന്നിവരുടെ പരിശീലനം പൂർത്തിയായിട്ടുണ്ടെന്നും പദ്ധതിയുടെ സന്ദേശം സമൂഹത്തിൽ എത്തിക്കുന്നതിനായി പ്രചരണ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്നും നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ സഹായത്തോടെ ഒരു വെബ്സൈറ്റും വെബ് അധിഷ്ഠിത മാനേജ്മെന്റ് സിസ്റ്റവും വികസിപ്പിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പദ്ധതി നിർവ്വഹണം, അവലോകനം എന്നിവയിൽ സംസ്ഥാന

സർക്കാരിന് ഉപദേശം നൽകുന്നതിനായി സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി 2010-11 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപ അനുവദിക്കുകയും 2011-12-ൽ 5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. നഗരസഭാ സ്ഥാപനങ്ങളുടെ 2011-12-ലെ ലേബർ ബഡ്ജറ്റിന് സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിനായി കേന്ദ്ര സഹായം ലഭിച്ചിട്ടില്ലെന്നും നഗര ശുചീകരണം പോലുള്ള പദ്ധതികളുൾപ്പെടുത്തി നൂതന രീതിയിൽ നടപ്പാക്കുന്നതിനാണ് ശ്രമിക്കുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2061 മുതൽ 2377 വരെയുള്ള ചോദ്യങ്ങളിൽ 212 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)